## പതിനാലാം കേരള നിയമസഭ
## 18-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1303** **06.02.2020-ൽ മറുപടിയ്ക്ക്**

## മരടിലെ അനധികൃത ഫ്ലാറ്റുടമകൾക്ക് നൽകിയ നഷ്ടപരിഹാരം

ചോദ്യം

ശ്രീ.ടി.ജെ. വിനോദ് :

മറുപടി

**പിണറായി വിജയൻ**
(മുഖ്യമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | മരടിലെ അനധികൃത ഫ്ലാറ്റുകൾ പൊളിക്കണമെന്ന സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെട്ടിട ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | നൽകിയിട്ടുണ്ട്. മരടിലെ അനധികൃത ഫ്ലാറ്റുകൾ പൊളിക്കണമെന്നും, കെട്ടിട ഉടമകൾക്ക് 25 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണമെന്നും ബഹു. സുപ്രീം കോടതി ഉത്തരവിട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മരട് മുനിസിപ്പൽ സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമുള്ള കെട്ടിട ഉടമകൾക്കെല്ലാം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ഇതുവരെ 59,32,32,780/- (അമ്പതൊൻപത് കോടി മുപ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തി-രണ്ടായിരത്തി എഴുന്നൂറ്റി എൺപത്) രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഫ്ലാറ്റുടമകൾക്ക് നൽകേണ്ട അധിക തുക സംബന്ധിച്ച് ബഹു. സുപ്രീംകോടതി നിയമിച്ച ജസ്റ്റിസ് ബാലകൃഷ്ണൻ നായർ കമ്മിറ്റിയ്ക്ക് തീരുമാനമെടുക്കാവുന്നതാണെന്നും കോടതി ഉത്തരവിട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ഉണ്ടെങ്കിൽ ഇതിനായി എന്ത് തുകയാണ് ഇതുവരെ ചെലവഴിച്ചത്; അറിയിക്കുമോ; | |
| (സി) | ഫ്ലാറ്റുകളുടെ യഥാർത്ഥ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഇനിയും ഹാജരാക്കാത്തതിനാൽ നഷ്ടപരിഹാരം നൽകുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (സി) ഉണ്ടായിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ എത്ര ഫ്ലാറ്റുകളുടെ ഉടമസ്ഥാവകാശമാണ് ഇനിയും കണ്ടുപിടിക്കേണ്ടതായിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) 13 എണ്ണം. ഫ്ലാറ്റുടമകളിൽ നിന്ന് മൊത്തം കിട്ടിയ അപേക്ഷകളിൽ 13 എണ്ണം രജിസ്റ്റർ ചെയ്ത ആധാരങ്ങൾ ഇല്ല എന്ന കാരണത്താൽ നിരസിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ